**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **05-12-2022 - ൽ മറുപടിയ്ക്ക്**

**പേവിഷബാധയ്ക്കെതിരായ വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പേ വിഷബാധയേറ്റ് മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നും നായയുടെ കടിയേറ്റതിനുശേഷം പേവിഷബാധയ്ക്കെതിരെ വാക്സിൻ എടുത്ത എത്രപേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ; | (എ) | 2022 ജനുവരി മുതൽ ഒക്ടോബർ വരെ 23 മരണങ്ങൾ പേവിഷബാധ മൂലം ഉണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും ഇമ്മ്യൂണോ ഗ്ലോബുലിനും എടുത്തിട്ടുള്ളവരാണ്. 2021 വർഷത്തിൽ സംസ്ഥാനത്ത് പേവിഷബാധമൂലം 11 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 3 പേർ പേവിഷബാധയ്ക്ക് എതിരെയുള്ള വാക്സിനും ഇമ്മ്യൂണോ ഗ്ലോബുലിനും എടുത്തിട്ടുള്ളവരാണ്. |
| (ബി) | പേവിഷബാധയ്ക്കെതിരെ വാക്സിൻ എടുത്തതിനുശേഷവും മരണങ്ങൾ സംഭവിച്ചതിന്റെ കാരണം എന്താണെന്ന വിലയിരുത്തിയിട്ടുണ്ടോ; | (ബി) | 2022-ൽ ഇതുവരെ ഉണ്ടായ 23 മരണങ്ങളിൽ 6 പേർക്കും IDRV, ERIG എന്നിവ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയെല്ലാംതന്നെ മുഖത്തും കഴുത്തിലും കൈവെള്ളയിലുമുണ്ടായിട്ടുള്ള category 3 മുറിവുകളാണെന്നാണ് അവലോകനത്തിൽ മനസ്സിലാക്കിയിട്ടുള്ളത്. 2022 ജനുവരി മുതൽ സെപ്റ്റംബർ വരെയുണ്ടായ പേവിഷബാധ മരണങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. സമിതി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു. വാക്സിൻ എടുത്തിട്ടും മരണമടഞ്ഞവർക്ക് ഗുരുതരമായ മുറിവുകളിലൂടെ നേരിട്ട് ഞരമ്പുകളിൽ വൈറസ് പ്രവേശിച്ചത് മൂലമാകാനാണ് സാധ്യത എന്നാണ് വിദഗ്ധ സമിതി വിലയിരുത്തിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെ നൽകിവരുന്ന വാക്സിനുകൾ ഏതെല്ലാം ആണ് ; ഏതെങ്കിലും വാക്സിന് ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്ക് എതിരെയുള്ള രണ്ട് തരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.<br><br>1. Purified chick embryo cell rabies vaccine<br><br>2. Purified vero.cell Vaccine |

| | | | |
|---|---|---|---|
| | | | ഈ വാക്സിനുകൾ എല്ലാം തന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി (CDL) യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകി വരുന്നത്. പേവിഷബാധ മരണങ്ങളെ തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL) യിൽ അയച്ച് ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോ ഗ്ലോബുലിനും ഗുണനിലവാരമുള്ളതാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ് മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം CDSCO ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റി ഉള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിനുവേണ്ടി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് പേവിഷ പ്രതിരോധത്തിനായി ഉപയോഗിച്ചു വരുന്ന വാക്സിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ KMSCLലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>സംസ്ഥാനത്ത് പേവിഷ പ്രതിരോധത്തിനായി ഉപയോഗിച്ചു വരുന്ന വാക്സിന് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ</u>

| Sl No. | Financial Year | Rabies Vaccine for Human iP | | Equine Anti Rabies 300 IU/ml 5 ml vial | |
|---|---|---|---|---|---|
| | | Quantity | Expenditure | Quantity | Expenditure |
| 1 | 2016-17 | 335000 | 4,16,63,950.00/- | 58308 | 2,04,97,594.32/- |
| 2 | 2017-18 | 447900 | 5,99,57,604.00/- | 69830 | 2,05,66,492.10/- |
| 3 | 2018-19 | 371200 | 6,23,61,600.00/- | 56290 | 1,05,80,268.40/- |
| 4 | 2019-20 | 471000 | 9,79,20,900.00/- | 87390 | 1,45,85,163.79/- |
| 5 | 2020-21 | 380239 | 11,25,88,767.90/- | 117110 | 2,20,10,824.50/- |
| 6 | 2021-22 | 526580 | 13,82,27,250.00/- | 151460 | 2,76,40,011.00/- |

സെക്ഷൻ ഓഫീസർ